**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 67** **10-06-2024 - ൽ മറുപടിയ്ക്ക്**

**വേനൽക്കാല ദുരന്തനിവാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ഇത്തവണ വേനൽക്കാലത്ത് ദുരന്തനിവാരണ നടപടികൾ സ്വീകരിക്കാൻ കേരള ദുരന്തനിവാരണ അതോറിറ്റിയുടെ യോഗം ചേർന്നിരുന്നോ; എന്നാണ് യോഗം ചേർന്നത്; യോഗത്തിന്റെ മിനിറ്റ്സ് ലഭ്യമാക്കാമോ; | (എ) | **വേനൽകാല തയ്യാറെടുപ്പുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 23.02.2024ന് ഉദ്യോഗസ്ഥ തലത്തിൽ യോഗം ചേരുകയുണ്ടായി. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ റവന്യൂ, തദ്ദേശ സ്വയംഭരണം, ജലവിഭവം, വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, കൃഷി, വനം വന്യജീവി, ഉന്നതവിദ്യാഭ്യാസം, മൃഗസംരക്ഷണം എന്നീ വകുപ്പ് മന്ത്രിമാർ, വകുപ്പ് സെക്രട്ടറിമാർ, കമ്മീഷണർ ദുരന്ത നിവാരണം, ജില്ലാ കളക്ടർമാർ, ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി 02.05.2024ന് യോഗം ചേരുകയുണ്ടായി. വേനൽക്കാല കരുതലിന്റെ ഭാഗമായി വേണ്ട തയ്യാറെടുപ്പുകൾ, ആശ്വാസനടപടികൾ എന്നിവ വിശദമായി ചർച്ച ചെയ്യുകയും വിവിധ വകുപ്പുകളും സ്ഥാപനങ്ങളും കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ച് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. യോഗങ്ങളുടെയും നടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. കൂടാതെ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളും വിവിധ വകുപ്പുകളും തയ്യാറെടുപ്പ് യോഗങ്ങൾ നടത്തിയിട്ടുണ്ട്.** |
| (ബി) | യോഗതീരുമാനങ്ങൾ നടപ്പാക്കേണ്ട ചുമതല ആർക്കായിരുന്നു; ഇതിന് എത്ര ഫണ്ട് ആണ് അനുവദിച്ചത്; തണ്ണീർപ്പന്തലുകൾ ഒരുക്കാൻ യോഗം തീരുമാനിച്ചിരുന്നോ; എങ്കിൽ തണ്ണീർപ്പന്തലുകൾ ഒരുക്കിയോ എന്ന് അറിയിക്കാമോ; | (ബി) | അതാത് തീരുമാനങ്ങൾ നടപ്പാക്കുവാനുള്ള ചുമതല ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. 19.02.2024തീയതിയിലെ സ.ഉ(സാധാ)നം 405/2024/ത.സ്വ.ഭ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ജലക്ഷാമം നേരിടുവാൻ അനുമതി നൽകുകയും അതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വികസന ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ഈ വേനൽക്കാലത്ത് എത്ര പേർ സൂര്യാഘാതം, താപാഘാതം, ചൂട് മൂലമുള്ള | (സി) | പാലക്കാട് ജില്ലയിൽ സൂര്യാഘാതം മൂലം രണ്ട് മരണങ്ങൾ സംഭവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ആരോഗ്യപ്രശ്നങ്ങൾ എന്നിവ മൂലം മരണപ്പെട്ടു എന്ന കണക്ക് ലഭ്യമാക്കാമോ; ഏതൊക്കെ ജില്ലയിൽ ആണ് മരണങ്ങൾ ഉണ്ടായത്; അവരുടെ പേരുവിവരങ്ങൾ നൽകാമോ; | | 1) ലക്ഷ്മി വി, 90 വയസ്സ്, എലപ്പുള്ളി<br><br>2) ഹരിദാസൻ, 65 വയസ്സ്, കുതനൂർ<br><br>കോഴിക്കോട്, എറണാകുളം, മലപ്പുറം ജില്ലകളിൽ ചുവടെ കാണും പ്രകാരം ഓരോ മരണം വീതം റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും പോസ്റ്റ് മോർട്ടം വഴി സ്ഥിരീകരണം ലഭിച്ചിട്ടില്ല.<br><br>കോഴിക്കോട് ജില്ല<br><br>പന്നിയങ്കര വില്ലേജിലെ വിജേഷ് , 40 വയസ്സ്<br><br>എറണാകുളം ജില്ല<br><br>ടോമി ജ്യൂസാ, 65 വയസ്സ്, ഗോതുരുത്ത്<br><br>മലപ്പുറം ജില്ല<br><br>മുഹമ്മദ് ഹനീഫ, 62 വയസ്സ്, കുട്ടിലങ്ങാടി |
| (ഡി) | ലോക് സഭ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് ദിനമായ ഏപ്രിൽ 26ന് ഏത്ര വോട്ടർമാരാണ് സംസ്ഥാനത്ത് കുഴഞ്ഞുവീണ മരിച്ചത്; വോട്ട് ചെയ്യുന്നതിനു മുൻപോ അതു കഴിഞ്ഞോ ആണോ ഇവർ മരണപ്പെട്ടത്; ഏതൊക്കെ ജില്ലകളിലാണ മരണം ഉണ്ടായത് ; ഇവർക്ക് ഏതെങ്കിലും നഷ്ടപരിഹാരം വിതരണം ചെയ്യുകയോ അതിനു തീരുമാനിക്കുകയോ ചെയ്തിട്ടുണ്ടോ; | (ഡി) | ലോക് സഭ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് ദിനമായ ഏപ്രിൽ 26ന് കോഴിക്കോട് ജില്ലയിൽ 3 പേർ കുഴഞ്ഞു വീണു മരണപ്പെട്ടു.<br><br>1) കെ.എം.അസീസ് - വോട്ടർമാർക്ക് സ്ലിപ്പ് കൊടുക്കാൻ കാത്തു നിൽക്കുമ്പോൾ കുഴഞ്ഞു വീണു.<br><br>2) കല്ലും പുറത്തു ബിമേഷ് - വോട്ട് ചെയ്തിറങ്ങിയ ശേഷം കുഴഞ്ഞു വീണു.<br><br>3) ചെറുമോത്ത് കുന്നുമലിൽ മാമി - വോട്ട് ചെയ്യാൻ ബൂത്തിലേയ്ക്ക് പോകുമ്പോൾ കുഴഞ്ഞു വീണു.<br><br>പാലക്കാട് ജില്ലയിൽ മൂന്നു പേർ മരണപ്പെട്ടിട്ടുണ്ട്.<br><br>പാലക്കാട് ജില്ലയിൽ വോട്ടെടുപ്പ് ദിനമായ ഏപ്രിൽ 26ന് വോട്ട് രേഖപ്പെടുത്തിയ ശേഷം 3 പേർ മരണപ്പെട്ടിട്ടുള്ളതാണ്.<br><br>മേൽ പറഞ്ഞ മരണങ്ങൾക്ക് നഷ്ടപരിഹാരം നൽകിയിട്ടില്ല. മറ്റ് ജില്ലകളിൽ ആരും മരണപ്പെട്ടിട്ടില്ല. |
| (ഇ) | അത്യുഷ്ണമോ കഠിനമായ ചൂട് മൂലമോ മരിക്കുന്നവരുടെ കുടുംബാംഗങ്ങൾക്കും ഗുരുതര അപകടങ്ങൾ നേരിടുന്നവർക്കും ദുരന്തപ്രതികരണനിധിയിൽ നിന്നു ധനസഹായം നൽകുന്നതിനു നിയമതടസ്സമുണ്ടോ; ഇക്കാര്യത്തിൽ കേരളത്തിലെയും ഇതര സംസ്ഥാനങ്ങളിലെയും വ്യവസ്ഥകൾ വ്യത്യസ്തമാണോ; ഇതിനു നിയമപരിഷ്കരണമോ നടപടികളോ ആവശ്യമാണോ? | (ഇ) | 09.03.2019 തീയതിയിലെ സ.ഉ(കൈ)നം. 9/2019/ ഡിഎംഡി ഉത്തരവ് പ്രകാരം 'ഉഷ്ണതരംഗം, സൂര്യാഘാതം, താപാഘാതം' എന്നിവ സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിനാൽ ഈ ദുരന്തങ്ങൾ മൂലം മരണപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്കും ഗുരുതരമായി പരുക്കേറ്റവർക്കും സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരമുള്ള |

| | | | |
|---|---|---|---|
| | | | ധനസഹായം അനുവദിച്ചു വരുന്നുണ്ട്. ഇതിനായി നിയമപരിഷ്കരണം ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ

I/6100966/2024

**2024 ഫെബ്രുവരി 23 ന് വൈകീട്ട് 5 മണിക്ക് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന ഉഷ്ണകാല തയ്യാറെടുപ്പ് അവലോകന യോഗത്തിന്റെ (ഓൺലൈൻ) നടപടിക്രമങ്ങളും തീരുമാനങ്ങളും**

യോഗം 5 മണിക്ക് ആരംഭിച്ചു. ചീഫ് സെക്രട്ടറി യോഗത്തിലേക്ക് എല്ലാവരേയും സ്വാഗതം ചെയ്തു. KSDMA മെമ്പർ സെക്രട്ടറി ഡോ. ശേഖർ.എൽ. കുര്യാക്കോസ് സീസണിൽ ഇതുവരെയുണ്ടായിട്ടുള്ള താപനില വ്യതിയാനം, പൊതുവെ സംസ്ഥാനം സ്വീകരിച്ച പ്രതികരണ നടപടികൾ, ഇനിയും ആവശ്യമായ പ്രതിരോധ നടപടികൾ എന്നിവ വിശദീകരിച്ചു. ശേഷം നടന്ന ചർച്ചയിൽ ആരോഗ്യ വകുപ്പ്, വനം വന്യജീവി വകുപ്പ്, മൃഗപരിപാലന-ക്ഷീര വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ജലവിഭവ വകുപ്പ് തുടങ്ങിയ വകുപ്പുകൾ അവർ ഇതുവരെ സ്വീകരിച്ച നടപടികൾ യോഗത്തിൽ ഹ്രസ്വമായി അവതരിപ്പിച്ചു. സൂര്യാതപം, സൂര്യാഘാതം, ഉഷ്ണതരംഗം എന്നിവ സംസ്ഥാനസവിശേഷ ദുരന്തമായി കേരളത്തിൽ നോട്ടിഫൈ ചെയ്തിട്ടുണ്ട്.

ഇതിനോടകം സംസ്ഥാനത്ത് ചൂട് മൂലമുള്ള 11 ആരോഗ്യ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടതായി അഡീഷണൽ DHS അറിയിച്ചു. ജില്ലാതലത്തിലെ നോഡൽ ഓഫീസർമാർക്ക് പരിശീലനം നൽകിയതായും ജില്ലാതലത്തിൽ IEC പ്രവർത്തനങ്ങൾക്കായി 50,000/- രൂപ വീതം പ്ലാൻ ഫണ്ടിൽ നിന്ന് ഇതിനോടകം അനുവദിച്ചതായും വ്യക്തമാക്കി. ചൂട് മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനായി സംസ്ഥാനതലത്തിൽ ഒരു പൊതുവായ റിപ്പോർട്ടിങ് ഫോർമാറ്റ് തയ്യാറാക്കി ജില്ലകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

ഫയർ ഓഡിറ്റ് ചെക്ക് ലിസ്റ്റ് തയ്യാറാക്കിയതായി തദ്ദേശവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചു. ക്ഷീരോൽപാദനത്തിലും കാലിത്തീറ്റ ലഭ്യതയിലും കുറവ് പ്രതീക്ഷിക്കുന്നതായും ഇതു സംബന്ധിച്ച് കർഷക സംഘങ്ങളുമായും സഹകരണ സംഘങ്ങളുമായും ചർച്ച നടത്തുന്നതായും അനിമൽ ഹസ്ബൻഡറി ഡയറക്ടർ അറിയിച്ചു.

വാട്ടർ കിയോസ്കുകൾക്ക് ആവശ്യമായ വെള്ളം നൽകുന്നതായും ഹീറ്റ് ആക്ഷൻ പ്ലാൻ അനുസരിച്ച് പ്രവർത്തിക്കുന്നതായും വാട്ടർ അതോറിറ്റി MD അറിയിച്ചു. ഖര മാലിന്യ കൂമ്പാരം തീപിടിക്കുവാൻ സാധ്യത ഉള്ളതിനാൽ എല്ലാ ജില്ലകളിലും കാനിസ്റ്റർ മാസ്കുകൾ ആവശ്യമാണ്. . അഗ്നിശമനരക്ഷാ സേന കാനിസ്റ്റർ മാസ്കുകൾ വാങ്ങാൻ ഫണ്ട് അനുവദിക്കുന്നതിനായി ആവശ്യപ്പെട്ടിട്ടുണ്ട്..

ചൂട് കൂടി വരുന്ന സാഹചര്യത്തിൽ കാലാവസ്ഥയെ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനും മുൻകൂറായി വേണ്ട തയ്യാറെടുപ്പുകൾ നടത്തുന്നതിനും ചീഫ് സെക്രട്ടറി നിർദേശം നൽകി. വൾനറബിൾ മേഖലകൾ കണ്ടെത്തണം. മാലിന്യ നിക്ഷേപ കേന്ദ്രങ്ങളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ നൽകണം. ആവശ്യമായ ഇടങ്ങളിൽ മോക്ക്ഡ്രിൽസ് നടത്തണം. പടക്കനിർമ്മാണ ശാലകൾ, സംഭരണ-കച്ചവട കേന്ദ്രങ്ങൾ തുടങ്ങിയവയുടെ കാര്യത്തിൽ ജാഗ്രത വേണം. ജില്ലാ തലത്തിലും വകുപ്പ് തലത്തിലും യോഗങ്ങൾ ചേർന്ന് അടുത്ത 3 മാസത്തെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ആവശ്യമായ

I/6100966/2024

ആസൂത്രണം നടത്താനും ചീഫ് സെക്രട്ടറി നിർദേശം നൽകി.

**തീരുമാനങ്ങൾ**

- സംസ്ഥാനതലത്തിൽ വകുപ്പ് മേധാവികൾ അവരവരുടെ വകുപ്പുകളുടെ ഉഷ്ണകാല തയ്യാറെടുപ്പ് യോഗം വിളിച്ചു ചേർക്കാൻ തീരുമാനിച്ചു.

  (നടപടി: എല്ലാ വകുപ്പുകളും)

- ജില്ലാതലത്തിൽ ജില്ലാകളക്ടർമാർ  ഉഷ്ണകാല തയ്യാറെടുപ്പ് യോഗങ്ങൾ എത്രയും പെട്ടെന്ന് വിളിച്ചു ചേർത്ത് കൊണ്ട് സീസണിലെ വിവിധ ദുരന്ത സാദ്ധ്യതകൾ ലഘൂകരിക്കാൻ വേണ്ട നടപടികൾ ആസൂത്രണം ചെയ്യണം. പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പ്  സർക്കാരിലേക്കും KSDMAയിലേക്കുംലഭ്യമാക്കണം. സീസൺ അവസാനിക്കുമ്പോൾ നടത്തിയ പ്രവർത്തനങ്ങളുടെ ഒരു അസ്സെസ്സ്മെന്റ്  റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കണം

  (നടപടി:ജില്ലാദുരന്ത നിവാരണ അതോറിറ്റികൾ)

- സംസ്ഥാന ഹീറ്റ് ആക്ഷൻ പ്ലാനിലൂടെ നിർദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ എല്ലാ വകുപ്പുകളും നടപ്പിലാക്കണം. ഇതിനായി വകുപ്പ്തല യോഗം ചേരുകയും മുൻ വർഷത്തെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും അത് സംബന്ധിച്ചുള്ള റിപ്പോർട്ട് സർക്കാരിനും KSDMAക്കും സമർപ്പിക്കുകയും വേണം. മുൻ അനുഭവങ്ങളുടെ കൂടി അടിസ്ഥാനത്തിൽ നടപ്പ് വർഷത്തിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. (ഹീറ്റ് ആക്ഷൻ പ്ലാൻ https://sdma.kerala.gov.in/wp-content/uploads/2020/07/Heat-Action-Plan-Kerala.pdf എന്ന ലിങ്കിൽ ലഭ്യമാണ്)

I/6100966/2024

(നടപടി:ഹീറ്റ് ആക്ഷൻ പ്ലാനിൽ പരാമർശിക്കുന്ന മുഴുവൻ വകുപ്പുകൾ/സ്ഥാപനങ്ങൾ)

- 

വിപുലവും ഊർജ്ജിതവുമായ പൊതുജന ക്യാമ്പയിൻ ജില്ലകളിൽ സംഘടിപ്പിക്കണം. ചൂട് ബാധിക്കാൻ സാധ്യത കൂടുതലുള്ള വൾനറബിൾ ഗ്രൂപ്പുകളെ കേന്ദ്രീകരിച്ചു കൊണ്ട് പരിശീലനങ്ങൾ, അവബോധ പരിപാടികൾ എന്നിവ സംഘടിപ്പിക്കണം. ആവശ്യമായ ഇടങ്ങളിൽ മോക്ക് ഡ്രില്ലുകൾ നടത്തണം. പരിശീലനങ്ങളിലും ക്യാമ്പയിനുകളിലും മറ്റ് വകുപ്പുകളുടെ സഹകരണവും ഉറപ്പാക്കണം. കുടിവെള്ള വിതരണത്തിന് തുക വിനിയോഗിക്കുന്നത് GO (Rt) No. 405/2024/LSGD dated 19-2-2024 പ്രകാരം അനുവദിച്ച തുക ചെലവഴിച്ചതിന് ശേഷം മാത്രം ആയിരിക്കണം.

(നടപടി:ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ)

- 

അഗ്നിശമന രക്ഷാസേനക്ക് കാനിസ്റ്റർ മാസ്കുകൾ വാങ്ങുന്നതിനായി 50 ലക്ഷം രൂപ SDRF ൽ നിന്ന് അനുവദിക്കാൻ തീരുമാനിച്ചു. മാസ്കുകൾ എല്ലാ ജില്ലകളിലും ലഭ്യമാക്കണം.

(നടപടി: ദുരന്ത നിവാരണ വകുപ്പ്)

- 

2023 സീസണിൽ നടപ്പിലാക്കിയ തണ്ണീർ പന്തലുകളുടെ ഒരു അസ്സെസ്സ്മെന്റ് റിപ്പോർട്ട് തദ്ദേശസ്വയംഭരണവകുപ്പ് തയാറാക്കുകയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി നടപ്പു വർഷം തണ്ണീർ പന്തലുകൾ ആരംഭിക്കാൻ നിർദേശം നൽകുകയും ചെയ്യണം.

( നടപടി: തദ്ദേശസ്വയംഭരണ വകുപ്പ്)

- 

ഹീറ്റ് ക്ലിനിക്കുകൾ: ആരോഗ്യ വകുപ്പ് വിശദമായ പ്രൊപോസൽ തയ്യാറാക്കി നൽകേണ്ടതാണ്. പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ SDRF-ൽ നിന്നും പരമാവധി 5 കോടി രൂപ

I/6100966/2024

അനുവദിക്കുന്നത് സംബന്ധിച്ച് ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയ്ക്ക് തീരുമാനിക്കാം

(നടപടി: DHS/ആരോഗ്യ വകുപ്പ്, ദുരന്ത നിവാരണ വകുപ്പ്)

- തദ്ദേശ സ്വയംഭരണ വകുപ്പ് തയ്യാറാക്കുന്ന ഫയർ ഓഡിറ്റ് ചെക്ക് ലിസ്റ്റ് പ്രകാരമുള്ള പ്രവർത്തനങ്ങളുടെ പുരോഗതി രണ്ടാഴ്ചയിലൊരിക്കൽ പ്രിൻസിപ്പൽ ഡയക്ടർ വിലയിരുത്തി സർക്കാരിനും KSDMA ക്കും റിപ്പോർട്ട് നല്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ ഡയറക്ടർ, LSGD)

- വകുപ്പ് തല യോഗം ചേരാനും എവിടെയൊക്കെയാണ് ജലക്ഷാമം പ്രതീക്ഷിക്കുന്നത്, ഏത് സമയം മുതലാണ് ജലക്ഷാമം രൂക്ഷമാകുക, മുൻവർഷങ്ങളുടെ അനുഭവം, എന്തൊക്കെ ഇടപെടലുകളാണ് ആസൂത്രണം ചെയ്യുന്നത് എന്നിവ അടങ്ങിയ റിപ്പോർട്ട് തയ്യാറാക്കി അറിയിക്കാൻ KWA യോട് ആവശ്യപ്പെട്ടു.

(നടപടി: കേരള വാട്ടർ അതോറിറ്റി)

- വർദ്ധിച്ച് വരുന്ന വന്യജീവി ആക്രമണങ്ങളുടെ കാരണങ്ങളിൽ ഒന്നായി ചൂടും, വനത്തിനകത്തെ ജലക്ഷാമവും കണക്കാക്കാമെന്നിരിക്കെ വനം-വന്യജീവി വകുപ്പ്, വകുപ്പ് തല യോഗം ചേരാനും മുൻഅനുഭവങ്ങളുടെയും മികച്ച മാതൃകകളുടേയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കാവുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് അവ എത്രയും പെട്ടെന്ന് രേഖാമൂലം അറിയിക്കാൻ ആവശ്യപ്പെട്ടു.

(നടപടി: വനം വന്യജീവി വകുപ്പ്)

-

I/6100966/2024

ദുരന്ത നിവാരണ അതോറിറ്റി സ്ഥാപിച്ച വാട്ടർ കിയോസ്കുകളുടെ പ്രവർത്തനക്ഷമത ഉറപ്പ് വരുത്തണം.

(നടപടി: തദ്ദേശസ്വയംഭരണ വകുപ്പ്)

- തെരഞ്ഞെടുപ്പ് വർഷമായതിനാൽ പൊതുപ്രവർത്തകർക്കും, രാഷ്ട്രീയ പാർട്ടികൾക്കും, തെരഞ്ഞെടുപ്പ് ജോലികളിൽ ഏർപ്പെടുന്ന ഉദ്യോഗസ്ഥർക്കും ചൂടിനെ പ്രതിരോധിക്കാൻ ആവശ്യമായ മാർഗനിർദേശം പുറപ്പെടുവിക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷനോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചു. ഉച്ച സമയത്ത് നടക്കുന്ന പൊതുപരിപാടികൾക്ക് മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കണം.

(നടപടി: പൊതു ഭരണ വകുപ്പ്, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, GAD/KSDMA/മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ) കേരള )

- സെക്രട്ടേറിയറ്റ് ഉൾപ്പടെ സർക്കാർ ഓഫീസുകളും അടിയന്തര ഫയർ ഓഡിറ്റ് നടത്തി പെട്ടന്ന് സ്വീകരിക്കാവുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ് (തീ പിടുക്കാവുന്ന വസ്തുക്കൾ കൂടിക്കിടക്കുന്നത് ഒഴിവാക്കുക, വൈദ്യുത ഉപകരണങ്ങൾ ഉപയോഗശേഷം ഓഫ് ചെയ്യുക, തീ അണക്കുവാൻ ആവശ്യമായ സൗകര്യം ഒരുക്കുക, കെട്ടിടത്തിലെ നടപ്പാതകളിൽ തടസങ്ങൾ ഇല്ല എന്ന് ഉറപ്പ് വരുത്തുക)

(നടപടി: എല്ലാ വകുപ്പുകളും, Fire & Rescue)

- വാർഷിക മഴ കുറവായിരുന്നത് കൊണ്ട് തന്നെ വേനൽ രൂക്ഷമാകുന്നതിന് മുന്നേ ബന്ധപ്പെട്ട വകുപ്പുകൾ ജല ലഭ്യതാ അവലോകനം നടത്തണം – KSEB (വൈദ്യുതി, കുടിവെള്ളം, കൃഷി), Irrigation (കുടിവെള്ളം, കൃഷി), KWA (കുടിവെള്ളം). MGNREG, ജലസേചന വകുപ്പും സഹകരിച്ചു കൊണ്ട് ജലസംഭരണത്തിനായി ചെക്ക് ഡാമുകൾ നിർമ്മിക്കുന്ന പ്രവർത്തനം

I/6100966/2024

വിപുലീകരിക്കണം.

(നടപടി:Irrigation, KWA, Local Self Government Dept)

- ഖര മാലിന്യ കൂമ്പാരം തീപിടിക്കുന്ന സാഹചര്യത്തിൽ വായു/ജല മലിനീകരണ തോത് നിരീക്ഷിക്കുന്നതിന് നിലവിൽ ആവശ്യമായ അളവിൽ സംവിധാനങ്ങൾ ഇല്ല. കൂടുതൽ സംവിധാനങ്ങൾ ആവശ്യമുണ്ട്. അവ അംഗീക്ൃത മാലിന്യ സംഭരണ കേന്ദ്രങ്ങളിൽ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം.

(നടപടി:പരിസ്ഥിതി വകുപ്പ്, PCB)

- ആശുപത്രികൾക്ക് വെള്ളം ലഭ്യമാക്കുവാൻ പ്രത്യേക ശ്രദ്ധ വേണം.

(നടപടി: DDMA, KWA, LSG)

- മലയോര മേഖലയിലെ ലയങ്ങൾ, ആദിവാസി കോളനികൾ  എന്നിവിടങ്ങളിൽ കുടിവെള്ളം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തണം.

(നടപടി: പട്ടികജാതി, പട്ടിക വർഗ്ഗ വികസനം, ജലവിഭവം, തൊഴിൽ, തദ്ദേശ സ്വയംഭരണ വകുപ്പുകൾ )

- പൊതു സ്ഥലത്ത് പ്രവർത്തിക്കുന്ന പോലീസ്, ഹോം ഗാർഡ് ഉദ്യോഗസ്ഥർക്ക് തണലും, കുടിവെള്ളവും ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തണം.

I/6100966/2024

(നടപടി: ആഭ്യന്തര വകുപ്പ്)

യോഗം വൈകുന്നേരം 6 മണിയ്ക്ക് അവസാനിച്ചു.

<u>List of attendees</u>

Additional Chief Secretary, Home Department

Additional Chief Secretary, Forests and Wildlife Department

Chairman, KSEB

Principal Secretary, Disaster Management

Principal Secretary, General Education Department

Principal Secretary, Health & Family Welfare

Principal Secretary, Local Self Government Department

Principal Secretary & Agricultural Production Commissioner, Agriculture Department

Secretary, Environment Department

Director General, Fire and Rescue Services

State Police Chief

Principal Chief Conservator of Forests & HoFF

Commissioner, Land Revenue

Principal Director, Local Self Government Department

Member Secretary, KSDMA

Director, Animal Husbandry Department

Director, Health and Family Welfare

I/6100966/2024

Director, Medical Education

Director, Agriculture Development & Farmers Welfare

Director, Dairy Development Department

Labour Commissioner

Chief Engineer, I & A, Irrigation Department

Managing Director, Kerala Water Authority

All District Collectors

The Chief Electrical Inspectorate, Kerala

Dr. T.S Anish, Associate Professor, MCH Manjeri (Nodal Officer of DME to KSDMA)

Mr.Fahad Marzook, KSDMA

Dr. Jaseela, KSDMA

**ഉഷ്ണകാല മുന്നൊരുക്കവും മഴക്കാല മുന്നൊരുക്കവുമായി ബന്ധപ്പെട്ട് ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 02.05.2024ന് നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്**

രാവിലെ 11.10-ന് യോഗം ആരംഭിച്ചു. ചീഫ് സെക്രട്ടറി എല്ലാവരെയും യോഗത്തിലേയ്ക്ക് സ്വാഗതം ചെയ്തു. വരും മാസങ്ങളിലെ കാലാവസ്ഥാ പ്രവചനത്തെക്കുറിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഹ്രസ്വമായി വിവരിക്കുകയുണ്ടായി. കേരളത്തിൽ പല സ്ഥലങ്ങളിലും ചൂട് 45 ഡിഗ്രി വരെ കൂടാൻ സാധ്യതയുണ്ടെന്നും മെയ് 6 മുതൽ സാധാരണയിൽ കവിഞ്ഞ മഴയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചതായി മെമ്പർ സെക്രട്ടറി അറിയിക്കുകയുണ്ടായി

കൂടാതെ, സംസ്ഥാനത്തെ ആശുപത്രികളിലും സ്കൂളുകളിലും ഫയർ സേഫ്റ്റി ഓഡിറ്റ് നടത്തണമെന്നും അന്തരീക്ഷ ഊഷ്മാവ് വർദ്ധിക്കുകയാണെങ്കിൽ ചൂടിനെ നേരിടാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഉഷ്ണകാല ക്യാമ്പുകൾ സജ്ജീകരിക്കണമെന്നും ഓറഞ്ച് ബുക്ക് പ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്നും മെമ്പർ സെക്രട്ടറി അഭിപ്രായപ്പെട്ടു.

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ വേനൽകാല മുന്നൊരുക്കത്തിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ വിവരിക്കാൻ ജില്ലാ കളക്ടർമാരോട് ചീഫ് സെക്രട്ടറി ആവശ്യപ്പെട്ടു.

ചില ജില്ലകളിൽ കിണറുകൾ വറ്റി വരണ്ടതിന്റെ അടിസ്ഥാനത്തിൽ വിവിധ ജില്ലകളിൽ വരൾച്ച നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള വിവിധ തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, വയനാട്, ഇടുക്കി ജില്ലകളിൽ വ്യാപകമായ കൃഷി നാശം നേരിടുകയും പുല്ലിന്റെ ലഭ്യതക്കുറവ് മൂലം ക്ഷീരോൽപാദന മേഖലയിലും നാശനഷ്ടം സംഭവിച്ചതായും ജില്ലാ കളക്ടമാർ അറിയിക്കുകയുണ്ടായി. കൂടാതെ പാലക്കാട് ജില്ലയിൽ സൂര്യാഘാതം മൂലം രണ്ട് മരണം സ്ഥിരീകരിച്ചുവെന്നും പടിഞ്ഞാറൻ മേഖലയിൽ മലമ്പുഴ ഡാം തുറക്കേണ്ടി വരുമെന്നും പാലക്കാട് ജില്ലാ കളക്ടർ അറിയിക്കുകയുണ്ടായി . സംസ്ഥാനത്ത് പൊതു സ്ഥലങ്ങളിൽ തണ്ണീർ

പന്തലുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പട്ടികവർഗ്ഗ കോളനികളിൽ കുടിവെള്ള ക്ഷാമം നേരിടുന്നില്ല എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടെന്നും, കാട്ടു തീ തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ജില്ലാകളക്ടർമാർ യോഗത്തെ അറിയിച്ചു. കാപ്പി, കുരുമുളക്, ഏലം, കവുങ്ങ് എന്നീ കൃഷി മേഖലകളിൽ വ്യാപക നഷ്ടം ഉണ്ടായിട്ടുണ്ടെന്നും, കള്ളക്കടൽ പ്രതിഭാസം ചില ജില്ലകളിൽ നാശനഷ്ടം ഉണ്ടാക്കിയിട്ടുണ്ടെന്നും കൂടുതൽ ഫണ്ട് ആവശ്യമാണെന്നും അതിനായുള്ള റിപ്പോർട്ടുകൾ സർക്കാരിൽ സമർപ്പിക്കുന്നതാണെന്നും ബന്ധപ്പെട്ട കളക്ടർമാർ അറിയിച്ചു. ആദിവാസി മേഖലയുൾപ്പെടെയുള്ള മലയോര മേഖലയിൽ ജല ക്ഷാമം ഇല്ലെന്നു ഉറപ്പാക്കണമെന്നും, ബ്രഹ്മപുരം മാലിന്യ പ്ലാന്റ് 24 മണിക്കൂറും മോണിറ്റർ ചെയ്യണമെന്നും കൃഷിമേഖലയിൽ പ്രത്യേകിച്ച് കാപ്പി കൃഷിക്ക് നഷ്ടമുണ്ടായിട്ടുണ്ടോയെന്നു പരിശോധിക്കണമെന്നും ചീഫ് സെക്രട്ടറി നിർദ്ദേശിക്കുകയുണ്ടായി.

വേനൽകാല മുൻകരുതലിന്റെ ഭാഗമായി ചുവടെ കാണുന്ന നടപടികൾ സ്വീകരിക്കാൻ ബഹു.മുഖ്യമന്ത്രി നിർദ്ദേശിക്കുകയുണ്ടായി.

## തീരുമാനങ്ങൾ

1. നിലവിൽ വേനൽകാല മുൻകരുതലിന്റെ ഭാഗമായി നടത്തിവരുന്ന നടപടികൾ തുടരുക

2. പകൽ 11 മണിമുതൽ 3.00 മണി വരെ നേരിട്ടുള്ള സൂര്യതാപം ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കണം.

3. പകൽ 11 മണിമുതൽ 3.00 മണി വരെ നിർമ്മാണത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, വഴിയോരക്കച്ചവടക്കാർ, തോട്ടം തൊഴിലാളികൾ മുതലായവർ വെയിലിൽ ജോലി ചെയ്യുന്നത് ഒഴിവാക്കണം

4. മെയ് 6 വരെ സംസ്ഥാനത്തെ പ്രൊഫഷനൽ കോളേജുകൾ ഉൾപ്പടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിടേണ്ടതാണ്. നേരത്തെ

നിശ്ചയിച്ച് തീരുമാനിച്ചിട്ടുള്ള പരീക്ഷകൾ യഥാസമയം നടത്താവുന്നതാണ്.

5. പകൽ **11** മണിമുതൽ **3.00** മണി വരെ വെക്കേഷൻ ക്ലാസ്സുകൾ ഒഴിവാക്കേണ്ടതാണ്. ഓൺലൈൻ ക്ലാസ്സുകൾ നടത്താവുന്നതാണ്.

6. **Asbestos, Aluminium** ഷീറ്റുകളുള്ള വീടുകളിൽ താമസിക്കുന്ന അതിഥി തൊഴിലാളികളുൾപ്പെടെ ഉള്ളവരെ താൽക്കാലികമായി ക്യാമ്പുകളിലേയ്ക്ക് മാറ്റി പാർപ്പിക്കേണ്ടതാണ്.

7. പകൽ **11** മണിമുതൽ **3.00** മണി വരെ പരേഡുകൾ, **N.CC** , കായിക മത്സരങ്ങൾ എന്നിവ നടത്തുന്നത് ഒഴിവാക്കേണ്ടതാണ്.

8. ചൂടിന്റെ കാഠിന്യം ഏറിയ സമയങ്ങളിൽ കന്നുകാലികളെ മേയാൻ വിടുന്നത് ഒഴിവാക്കേണ്ടതാണ്.

9. ആദിവാസികൾക്കും തോട്ടം തൊഴിലാളികൾക്കും കുടിവെള്ളം കിട്ടുന്നുവെന്ന് ഉറപ്പ് വരുത്തണം

10. ആശുപത്രികൾ, സ്കൂളുകൾ, മറ്റ് കെട്ടിടങ്ങൾ, **waste dump**കൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ കൃത്യമായി ഫയർ ഓഡിറ്റ് നടത്തേണ്ടതാണ്.

11. കാട്ടുതീ ഒഴിവാക്കുന്നതിന് ഫോറസ്റ്റ് ഓഫീസർമാരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുക

12. ജൂൺ **5**-ന് അന്തർദേശീയ പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഒട്ടാകെ ധാരാളം മരങ്ങൾ നട്ടുപിടിപ്പിക്കാനും മുൻ വർഷങ്ങളിൽ നട്ടുപിടിപ്പിച്ചവ പരിപാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനും ബഹു മുഖ്യമന്ത്രി നിർദ്ദേശം നൽകി

മഴക്കാല മുന്നൊരുക്കപ്രവർത്തനങ്ങളും യോഗത്തിൽ ചർച്ച ചെയ്യുകയുണ്ടായി. ആയതിൻപ്രകാരം ചുവടെ കാണുന്ന തീരുമാനങ്ങൾ സ്വീകരിക്കുകയുണ്ടായി.

1. അതത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാരെ കൂടി ഉൾപ്പെടുത്തി അവലോകനയോഗങ്ങൾ നടത്തേണ്ടതാണ്.

2. മഴവെള്ളം സുഗമമായി ഒഴുകുന്നതിനായി ഓടകൾ കനാലുകൾ കൾവർട്ടുകൾ തോടുകൾ എന്നിവ വൃത്തിയാക്കാനുള്ള നടപടി തദ്ദേശ സ്വയംഭരണ വകുപ്പ് , മറ്റ് ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കേണ്ടതാണ്.

3. മാലിന്യം കെട്ടിക്കിടക്കാതിരിക്കാൻ ആവശ്യമായ നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ കൈക്കൊള്ളണം.

4. വേനൽ മഴയിൽ കൊതുകുകൾ പെരുകാനും ഡെങ്കി, എലിപ്പനി മുതലായ പകർച്ചവ്യാധികൾ പടരാനും സാധ്യതയുള്ളതിനാൽ ആയത് തടയുന്നതിനായുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കേണ്ടതാണ്.

5. ദുരിതാശ്വാസ ക്യാമ്പുകൾ സജ്ജീകരിക്കുന്നതിനായി മുൻകൂർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്ഥലങ്ങൾ, ക്യാമ്പുകളിലെ അവശ്യസാധനങ്ങളുടെ ലഭ്യത എന്നിവയെപ്പറ്റി എല്ലാ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും വ്യക്തമായ ധാരണ ഉണ്ടായിരിക്കണം.

7. മഴയ്ക്ക് മുൻപ് പൊഴി മുറിച്ച് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കേണ്ടതാണ്.

8. പ്രസ്തുത പ്രവർത്തികൾ മെയ് 25ന് മുൻപ് പൂർത്തീകരിക്കേണ്ടതാണ്.

9. സ്പിൽവെകളും ഷട്ടറുകളും സുഗമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പ് വരുത്തണം.

10. ഡാമുകളിലെ ജലനിരപ്പ് **Rule curve** ന് മുകളിൽ പോകാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

11. നഗരങ്ങളിൽ വെള്ളക്കെട്ട് ഒഴിവാക്കാൻ **Operation Anantha, Operation Breakthrough** മാതൃകയിലുള്ള നടപടികൾ തുടരേണ്ടതാണ്.

12. അപകടകരമായ മരങ്ങളും മരച്ചില്ലകളും മുറിച്ചു മാറ്റുന്നതിനുള്ള നടപടി **KSEB** സ്വീകരിക്കേണ്ടതാണ് .

13. അപകടകരമായ ഫ്ലക്സ് ബോർഡുകളും ബാനറുകളും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ **LSGD** സ്വീകരിക്കേണ്ടതാണ്.

14. ഉരുൾപ്പൊട്ടൽ സാധ്യതാ പ്രദേശങ്ങളെ ക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും ആവശ്യമാണെങ്കിൽ മാറ്റിപ്പാർപ്പിക്കുകയും ചെയ്യണം.

15. വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട് മുങ്ങിമരണം പോലുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനായി നടപടി സ്വീകരിക്കേണ്ടതാണ്.

16. മരാമത്ത് പണികൾ നടക്കുന്ന റോഡുകളിൽ സുരക്ഷാ മുന്നറിയിപ്പ് സ്ഥാപിക്കേണ്ടതും കാൽ നടയാത്രക്കാർക്കുള്ള **Footpath**കളിൽ ഇളകിക്കിടക്കുന്ന സ്ലാബുകൾ പൂർവ്വസ്ഥിതിയിലാക്കേണ്ടതുമാണ്.

17. മേൽ നടപടികൾക്കായി തദ്ദേശസ്വയംഭരണ ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

18. സിവിൽ ഡിഫൻസ് വോളണ്ടിയർമാരെയും സന്നദ്ധ സേന പ്രവർത്തകരെയും രക്ഷാപ്രവർത്തനത്തിന് സജ്ജരാക്കേണ്ടതാണ്.

യോഗം 12 മണിക്ക് അവസാനിച്ചു.

**യോഗത്തിൽ പങ്കെടുത്തവരുടെ വിവരങ്ങൾ**

1. ബഹു. റവന്യൂ-ഭവന നിർമ്മാണവും വകുപ്പ് മന്ത്രി
2. ബഹു. തദ്ദേശസ്വയംഭരണം-എക്സൈസ് വകുപ്പ് മന്ത്രി
3. ബഹു. ആരോഗ്യം-വനിതാ-ശിശുവികസനം മന്ത്രി
4. ബഹു മൃഗ സംരക്ഷണം, ക്ഷീര വികസനം മന്ത്രി

5. ബഹു കൃഷി വകുപ്പ് മന്ത്രി
6. ബഹു വനം വന്യ ജീവി വകുപ്പ് മന്ത്രി
7. ബഹു. പൊതുവിദ്യാഭ്യാസം-തൊഴിൽ മന്ത്രി
8. ബഹു. ഉന്നതവിദ്യാഭ്യാസം-സാമൂഹ്യനീതി മന്ത്രി
9. ബഹു. ജലവിഭവ വകുപ്പ് മന്ത്രി
10. അഡിഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്
11. അഡിഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്
12. അഡിഷണൽ ചീഫ് സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്
13. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
14. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
15. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
16. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
17. പ്രിൻസിപ്പൽ സെക്രട്ടറി, തൊഴിൽ വകുപ്പ്
18. പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
19. പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
20. പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്
21. സെക്രട്ടറി, മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ്
22. കമ്മീഷണർ ദുരന്ത നിവാരണം
23. എല്ലാ ജില്ലാ കളക്ടർമാർക്കും
24. മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി